5

# യേശു ജനങ്ങളെ സ്നാനത്തിലേക്കു നയിച്ചു

*"... യേശു യോഹന്നാനേക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്നു പരീശന്മാർ കേട്ടു എന്നു കർത്താവു അറിഞ്ഞപ്പോൾ (ശിഷ്യന്മാർ അല്ലാതെ, യേശു തന്നേ സ്നാനം കഴിപ്പിച്ചില്ലതാനും)" (യോഹന്നാൻ 4:1, 2).*

യേശു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ, കാലം തികഞ്ഞു എന്നവൻ പറഞ്ഞു (സകല പ്രവാചകന്മാരും മശിഹയെ കുറിച്ചും രാജ്യത്തെ കുറിച്ചും പ്രവചിച്ചിരുന്നതു നിറവേറ്റുവാൻ ദൈവത്തിനു സമയമായി എന്നർത്ഥം, മർക്കൊസ് 1:14, 15). "ദൈവരാജ്യം ആസന്നമായിരിക്കയാൽ, മാനസാന്തരപ്പെടുവിൻ." എന്നാണ് അവൻ ജനത്തോട് പറഞ്ഞത് (മത്തായി 3:1, 2; 4:17). യോഹന്നാന്റെ ശുശ്രൂഷയെ മറി കടന്നു, അവന്റെ ശുശ്രൂഷയിലൂടെ, അനേകർ പ്രതികരിച്ചു സ്നാനമേറ്റു (യോഹന്നാൻ 3:22; 4:1).

യേശു ആളുകളെ എന്തുകൊണ്ടു സ്നാനത്തിലേക്കു നയിച്ചു എന്നതിനു മുഴുവൻ വിവരണങ്ങളും തിരുവെഴുത്തിൽ നല്കിയിട്ടില്ല; എങ്കിലും, യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മതിയായ വിവരങ്ങൾ തിരുവെഴുത്തിൽ നല്കിയിട്ടുണ്ട്. അവരുടെ ശുശ്രൂഷകളെ താരതമ്യം ചെയ്താൽ, സ്നാനത്തെ സംബന്ധിച്ച അവരുടെ ഉദ്ദേശത്തിൽ വ്യത്യാസമില്ലെന്നു വിശ്വസിച്ചു ഉറപ്പിക്കാം.

### ഒരേ സന്ദേശം

സുവിശേഷ വിവരങ്ങളായ, മത്തായി 3:2 ലൂക്കോസ് 3:3, എന്നിവ

യോജിപ്പിച്ചാൽ യോഹന്നാൻ പ്രസംഗിച്ചതു പാപമോചനത്തിനായു ള്ള, മാനസാന്തരസ്നാനമാണെന്ന തീരുമാനത്തിലെത്താം. ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നും അവൻ കൂട്ടിച്ചേർത്തു. പ്രതികരിച്ചവർ സ്നാനപ്പെട്ടു, അവർ മാനസാന്തരപ്പെട്ടുകൊണ്ടാണ്, പാപമോചനത്തിനായി സ്നാനമേറ്റത്.

യോഹന്നാന്റെ ദൈവരാജ്യത്തെക്കുറിച്ചുള്ള സന്ദേശത്തോടു പ്രതികരിച്ചവരും യേശുക്രിസ്തുവിന്റെ ദൈവരാജ്യത്തെക്കുറിച്ചുള്ള സന്ദേശത്തോടു പ്രതികരിച്ചവരും സ്നാനമേറ്റു, രണ്ടു കൂട്ടരും ഒരേ സന്ദേശത്തോടാണ് പ്രതികരിച്ചത്. യോഹന്നാൻ മാനസാന്തരത്തെക്കുറിച്ചു പ്രസംഗിച്ചു, അതുപോലെ തന്നെ യേശുക്രിസ്തുവും. യോഹന്നാൻ വരുവാനിരുന്ന രാജ്യത്തിന്നു വഴി ഒരുക്കി, അതുപോലെ തന്നെ യേശുവും. പാപമോചനത്തിനായുള്ള മാനസാന്തര സ്നാനമായിരുന്നു യോഹന്നാൻ പ്രസംഗിച്ചത്; എന്നിരുന്നാലും, യേശു പ്രസംഗിച്ച സ്നാനത്തിന്റെ വിശദാംശങ്ങൾ നല്കിയിട്ടില്ല. യോഹന്നാനും യേശുവും രണ്ടുപേരും ആളുകളെ, സ്നാനത്തിലേക്കു നയിക്കുകയായിരുന്നു. മറ്റു കാര്യങ്ങളിലെല്ലാം യോഹന്നാനും യേശുവും പഠിപ്പിച്ചതു ഒന്നു തന്നെ എങ്കിൽ, പാപമോചനത്തിനുള്ള സ്നാനത്തെക്കുറിച്ചും, വരുവാനിരുന്ന രാജ്യത്തെക്കുറിച്ചും ഒന്നു തന്നെ പഠിപ്പിക്കാനല്ലേ സാദ്ധ്യത?

സ്വർഗ്ഗരാജ്യം, അഥവാ ദൈവരാജ്യം (മത്തായി 4:17; മർക്കൊസ് 1:15), യോഹന്നാനും യേശുവും പ്രസംഗിച്ചത്, ആസന്നമായിരുന്ന, നീതിയുള്ള രാജ്യമായിരുന്നു (റോമർ 14:17). അതിൽ പ്രവേശിക്കുന്നവർ മാനസാന്തരപ്പെടുവാനും, ജീവിതം മാറ്റി, പാപമോചനം ലഭിച്ചു, പുതിയ ജീവിതം നയിക്കുവാൻ ആവശ്യപ്പെടുന്നു (പ്രവൃത്തി 26:18; കൊലൊസ്യർ 1:13). യേശുവും യോഹന്നാനും, ആളുകളോടു മാനസാന്തരപ്പെടുവാൻ പറഞ്ഞതു, വീണ്ടും ജനനത്താൽ അവർ വരുവാനിരുന്ന രാജ്യത്തിൽ പ്രവേശിക്കുന്നതിനു ഒരുക്കേണ്ടതിനായിരുന്നു (യോഹന്നാൻ 3:5). ആകയാൽ, അവരുടെ സന്ദേശവും ഒന്നു തന്നെയായിരുന്നു എന്നു വരുന്നതിൽ അപാകതയില്ല.

### ഒരേ ഉദ്ദേശം

യോഹന്നാന്റെ സ്നാനത്തിൽ നിന്നും സന്ദേശത്തിൽ നിന്നും വ്യത്യാസമുള്ളതായിരുന്നോ യേശുവിന്റേത്? ആളുകൾ ഏറ്റു പറഞ്ഞപ്പോൾ അവൻ സമ്മതിച്ചു എങ്കിലും യേശു താൻ ദൈവപുത്രനായ മശിഹ എന്നു പറഞ്ഞു നടക്കുകയായിരുന്നില്ല (മത്തായി 16:16, 17; യോഹന്നാൻ 4:25, 26; ലൂക്കൊസ് 22:67–70). അവൻ ആരോടും പറയരുതെന്ന് പ്രബോധിപ്പിച്ചിരുന്നു (മത്തായി 16:20). അവന്റെ

സ്നാനം, യോഹന്നാന്റേതുപോലെ, വരുവാനുള്ള മശിഹയിൽ അധിഷ്ഠിതമായിരുന്നു. യേശു ദൈവപുത്രനായ മശിഹ എന്നതിലായിരുന്നില്ല.

യോഹന്നാന്റെ സ്നാനം ഏറ്റവരും യേശുവിന്റെ സ്നാനം ഏറ്റവരും അവരുടെ ശിഷ്യന്മാരായി തീർന്നു (യോഹന്നാൻ 4:1). അവർ അ വരെ പഠിപ്പിച്ചു. അവരുടെ സന്ദേശം, അവർ മുറുകെ പിടിച്ചു അവരു ടെ അനുയായികളായി തീർന്നു. അവർ മശിഹയെ സ്വീകരിക്കുവാനും ദൈവരാജ്യത്തിൽ പ്രവേശിക്കുവാനും തയ്യാറായി.

### യേശുവിന്റെ വിജയം

ജലസ്നാനത്തിനു ആളുകളെ പ്രേരിപ്പിച്ചതു യോഹന്നാൻ *മാത്രമായിരുന്നു യേശുവല്ല* എന്നു ചിലർ കരുതുന്നു, എന്നാൽ ജനങ്ങളെ സ്നാനത്തിലേയ്ക്കു നയിക്കുന്നതിൽ യേശു വിജയിക്കുക തന്നെ ചെയ്തു. യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനപ്പെടുത്തുന്നു എന്നു പരീശന്മാർ കേട്ടു (യോഹന്നാൻ 4:1). അതു വാസ്തവമായാലും അല്ലെങ്കിലും, യേശു അധികം പേരെ സ്നാനത്തിലേയ്ക്കു നയിക്കുകയായിരുന്നു എന്നുറപ്പിക്കാം.

### യേശുവിനു സ്നാനത്തിന്റെ പ്രാധാന്യം

വ്യക്തിപരമായി യേശു സ്നാനപ്പെടുത്തിയില്ലെങ്കിലും സ്നാനത്തിന്റെ പ്രാധാന്യം യേശു കുറച്ചു കാണിച്ചിട്ടില്ല. അവൻ അനേകരെ സ്നാനത്തിലേയ്ക്കു പ്രേരിപ്പിച്ചു (യോഹന്നാൻ 4:1), അവൻ ആളുകളെ സ്നാനപ്പെടുത്തുവാൻ പ്രേരിപ്പിച്ചു എന്നാണ് ഇതിന്റെ സൂചന. യേശു പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ അവർ പിന്നെ എന്തുകൊണ്ടു സ്നാനപ്പെടുവാൻ വന്നു?

ചിലർ യോഹന്നാന്റെ പ്രസ്താവന എടുത്തിട്ടുണ്ട് "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളൂ, എന്റെ, ... പിന്നാലെ വരുന്നവനോ എന്നേക്കാൾ വലിയവനാകുന്നു അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേല്പിക്കും" (മത്തായി 3:11). അതിനർത്ഥം ജലസ്നാനത്തിനു യേശു പ്രാധാന്യം കൊടുക്കുന്നില്ല എന്നല്ല യോഹന്നാൻ അർത്ഥമാക്കിയതു; പുതിയനിയമത്തിൽ ജലസ്നാനം അപ്രധാനമല്ല. തനിക്കു ശേഷം, വരുവാനുള്ളവന്റെ മഹിമയാണ് അവൻ ഊന്നി പറഞ്ഞത്. യോഹന്നാൻ ചെയ്യാതി *രുന്നതു:* യേശു ചെയ്യുമെന്നർത്ഥം. പരിശുദ്ധാത്മാവിലും തീയിലും സ്നാനം കൊടുക്കും. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ലെങ്കിലും (മത്തായി 11:11), യേശുവിന്റെ കാലിലെ ചെരുപ്പിന്റെ വാർ അഴിപ്പാൻ

പോ ലും അവൻ യോഗ്യനായിരുന്നില്ല, യേശു യോഹന്നാന്റെ പിന്നാലെ വരു ന്നവൻ തന്നെ.

ജലസ്നാനം അപ്രധാനമെന്നു യേശു കരുതിയിരുന്നുവെങ്കി ൽ, അതു സ്വർഗ്ഗീയ നിർദ്ദേശമെന്നു വിശ്വസിച്ച് സ്നാനമേല്ക്കുമായിരുന്നില്ല (ലൂക്കോസ് 20:1-8), തന്നെയുമല്ല ജലസ്നാനം തള്ളിക്കളയുന്നവർ ദൈവത്തിന്റെ ആലോചനയെ തള്ളിക്കളയുന്നു എന്നാണ് പറഞ്ഞത് (ലൂക്കോസ് 7:30), അനേകം ആളുകളെ അവൻ സ്നാനത്തിനായി പ്രേരിപ്പിക്കുകയും ചെയ്തു എന്നോർക്കുക (യോഹന്നാൻ 4:1). യോഹന്നാനെ സ്നാനപ്പെടുത്തുവാനായി അയച്ചുവെങ്കിൽ, അവനേക്കാൾ വലിയവനും ആളുകളെ സ്നാനത്തിലേയ്ക്കു നയിക്കും, അപ്പോൾ ജലസ്നാനത്തിന് പ്രാധാന്യം.

## ന്യായപ്രമാണവും മാനസാന്തരവും

യോഹന്നാനും യേശുവും മാനസാന്തരത്തെക്കുറിച്ചു പ്രസംഗിച്ചത് (മത്തായി 3:8; 4:17) സൂചിപ്പിക്കുന്നത് മാനസാന്തരത്തോ ടൊപ്പം സ്നാനവും അവർ പഠിപ്പിച്ചു എന്നാണ്. പുതിയനിയമം യേശുവിന്റെ രക്തത്താൽ അന്നു പ്രതിഷ്ഠിക്കപ്പെട്ടിരുന്നില്ല (എബ്രായർ 9:16, 17), അതുകൊണ്ട്, പഴയനിയമമായിരുന്നു പ്രാബല്യത്തിൽ ഇരുന്നത്. യോഹന്നാന്റെയും യേശുവിന്റെയും ശിഷ്യന്മാർക്ക് മാനസാന്തരമെന്നത് മോശെയുടെ ന്യായപ്രമാണമായ പഴയനിയമത്തിൽ അവർ നല്ല ജീവിതം നയിക്കുക എന്നതായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ഏക ദൈവനിയമം അതായിരുന്നു. അന്നു ള്ളവർക്ക് മാനസാന്തരം പുതിയ നിയമത്തിൻ കീഴിൽ ശ്രദ്ധേയമായ ജീവിതം നയിക്കുക എന്നതായിരുന്നില്ല. കാരണം അന്നു പുതിയ നിയമം പ്രാബല്യത്തിൽ വന്നിരുന്നില്ല (എബ്രായർ 9:16, 17).

യഹൂദന്മാരോട് ന്യായപ്രമാണം പാലിക്കുവാനാണ് യേശു തന്റെ വ്യക്തിപരമായ ശുശ്രൂഷയിൽ നിർദ്ദേശിച്ചത്. ന്യായപ്രമാണ ത്തിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുവാനാണ് ധനികനായ യുവാവിനോട് അവൻ പറഞ്ഞത് (മത്തായി 19:17). അവൻ സൗഖ്യമാക്കിയ കുഷ്ഠ രോഗികളോട് അവരെ പുരോഹിതന്മാർക്ക് കാണിച്ചു കൊടുക്കുവാനും മോശെയുടെ കല്പന പ്രകാരം വഴിപാട് അർപ്പിക്കുവാനുമാണ് ആവശ്യപ്പെട്ടത് (മത്തായി 8:4). യോഹന്നാനും യേശുവും യഹൂദന്മാർ ന്യായപ്രമാണം ഗൗരവമായി അനുസരിച്ചു മടങ്ങി വരുവാൻ ആണ് ആവശ്യപ്പെട്ടത്. അവരുടെ ശിഷ്യന്മാർ പാപങ്ങളുടെ മോചനത്തിനുള്ള ന്യായപ്രമാണത്തിലെ യാഗങ്ങളും അർപ്പിക്കണമായിരുന്നു (ലേവ്യാപുസ്തകം 4:31), അത്തരം യാഗങ്ങൾ പൂർണ്ണമായ പാപക്ഷമാപണം വരുത്തിയിരുന്നില്ല (എബ്രായർ 10:1-4), അത്

യേശുവിന്റെ മരണത്താൽ നീക്കി, പകരം, പുതിയനിയമം കൊടുത്തു (എബ്രായർ 10:9). പഴയ നിയമത്തിൻ കീഴിലുള്ളവർക്ക് യേശുവിന്റെ മരണത്താൽ പാപമോചനം സാധ്യമാക്കി (എബ്രായർ 9:15; ഗലാത്യർ 4:5).

യോഹന്നാനും, യേശുവും പഠിപ്പിച്ച സ്നാനവും ന്യായ പ്രമാണത്തിൻ കീഴിലുള്ള യാഗങ്ങളും പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ രക്തത്തിൽ ആശ്രയിച്ചിരുന്നു. മൃഗയാഗങ്ങൾ അർപ്പിച്ചിരുന്നവർക്കും യേശുവിന്റെയും യോഹന്നാന്റെയും സ്നാന മേറ്റവർക്കും പാപക്ഷമാപണം ലഭിച്ചിരുന്നു (ലേവ്യാപുസ്തകം 4:20, 26, 31, 35; 5:10, 13, 16, 18; 6:7; 19:22; സംഖ്യപുസ്തകം 14:19; 15:22–28; സങ്കീർത്തനങ്ങൾ 78:38; 32:5; 85:2; 2 ശമുവേൽ 12:13), യോഹന്നാന്റെയും യേശുവിന്റെയും സ്നാനം ഏറ്റവരെ പോലെ (മർക്കോസ് 1:4; ലൂക്കോസ് 3:3). അത്തരം പാപമോചനത്തിന്, ദൈവരാജ്യത്തിൽ, പ്രവേശനത്തിന് സാധ്യമായിരുന്നില്ല. കാരണം ദൈവരാജ്യം അന്നു വന്നിട്ടില്ലായിരു ന്നു (മത്തായി 4:17; 10:7).

*ഓരോരുത്തൻ* മാനസാന്തരപ്പെട്ട് (പ്രവൃത്തി 2:5) പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനമേല്ക്കുവാൻ പത്രൊസ് ഭക്തന്മാരായ യെഹൂദന്മാരോട് നിർദ്ദേശിച്ചു (പ്രവൃത്തി 2:38).

അസംഖ്യം ആളുകളെ സ്നാനപ്പെടുത്തുന്നതിൽ യോഹ ന്നാൻ വളരെ വിജയിച്ചു (മത്തായി 3:5) – യേശു ഒരുപക്ഷേ അതിനേ ക്കാൾ കൂടുതൽ വിജയിച്ചു (യോഹന്നാൻ 4:1) – ഇവർ ആയിരിക്കണം പത്രൊസിന്റെ, *ഓരോരുത്തരും* മാനസാന്തരപ്പെട്ട് സ്നാനപ്പെടുവിൻ എ ന്ന പ്രസംഗം കേൾക്കുവാൻ വന്നത്. യോഹന്നാനും യേശുവും ഒരു ക്കിയ ആളുകളിൽ അനേകം പേർ മൂവായിരം പേർ അന്നു സ്നാന പ്പെട്ടവരിൽ ഉൾപ്പെടുന്നു. അല്ലെങ്കിൽ, ദൈവരാജ്യത്തിനു വേണ്ടി ഒരുക്കിയ ആളുകളോ, പത്രൊസും അപ്പസ്തൊലന്മാരും പ്രസംഗിച്ച വരോ, പത്രൊസ് പ്രസംഗിച്ചു എങ്കിലും മാനസാന്തരപ്പെട്ട് സ്നാനപ്പെ ടേണ്ടവർ ആയിരുന്നില്ല.

രാജ്യത്തിലുള്ളവർ പുതിയനിയമത്തിലെ, സ്നാനം ഏറ്റവരാണ് യോഹന്നാന്റെയും യേശുവിന്റെയും പ്രസംഗ സമയത്ത് അതു നിലവിൽ ഇല്ലായിരുന്നു. ഒരുക്കത്തിവേണ്ടിയുള്ള സ്നാനമേറ്റ വർ രാജ്യത്തിലേയ്ക്കു ജനിക്കുന്നതിനായി മറ്റൊരു സ്നാനം പ്രതീ ക്ഷിക്കേണ്ടിയിരുന്നു.

**ഉപസംഹാരം**

യോഹന്നാന്റെയും യേശുവിന്റേയും ശിഷ്യന്മാരായി തീർന്നവർക്ക് ജലസ്നാനം എല്ലാം ആയിരുന്നില്ല എങ്കിലും അതു പ്രാധാന്യമുള്ള

ആവശ്യമായിരുന്നു. സ്നാനമേല്ക്കുന്നതിൽ പരാജ യപ്പെട്ട ആളുകൾ സൂചിപ്പിച്ചത് അവർ മാനസാന്തരപ്പെടുകയോ യോഹന്നാനും യേശുവും പ്രസംഗിച്ച ദൈവിക സന്ദേശത്തെ വിശ്വ സിച്ചില്ല എന്നാണ്. അതുകൊണ്ടവർ, തങ്ങൾക്കു വേണ്ടിയുള്ള ദൈവിക ആലോചന തള്ളിക്കളഞ്ഞു (ലൂക്കോസ് 7:30). ഇക്കാരണ ത്താൽ, വരുവാനുള്ള മശിഹയേയും രാജ്യത്തേയും സ്വീകരിച്ചില്ല മറിച്ച് ഈ സ്നാനം സ്വീകരിച്ചവർ യേശു കർത്താവാണെന്നു വിശ്വസിക്കാൻ തയ്യാറാവുകയും, അവൻ പ്രസംഗിച്ചപ്പോൾ, വീണ്ടും ജനിച്ച് രാജ്യത്തി ൽ പ്രവേശിക്കുകയും ചെയ്തു.

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ട് പാപങ്ങ ളുടെ മോചനത്തിനായി സ്നാനമേല്ക്കുവാൻ യോഹന്നാനും യേശു വും പ്രസംഗിച്ചു (മത്തായി 3:2; 4:17). യോഹന്നാൻ പ്രസംഗിച്ചാൽ സ് നാനത്തിന്റെ അതേ ഉദ്ദേശത്തോടും പ്രാധാന്യത്തോടും കൂടെയാണ് യേശുക്രിസ്തു പ്രസംഗിച്ച സ്നാനവും.